തിരുവനന്തപുരം	..	72,321
കൊല്ലം	..	36,169
പത്തനംതിട്ട	..	17,660
ആലപ്പുഴ	..	53,136
കോട്ടയം	..	34,324
ഇടുക്കി	..	8,028
എറണാകുളം	..	36,310
തൃശ്ശൂർ	..	48,698
മലപ്പുറം	..	51,676
പാലക്കാട്	..	52,597
കോഴിക്കോട്	..	59,791
വയനാട്	..	11,536
കണ്ണൂർ	..	36,541
കാസർകോട്	..	14,200
ആകെ		**5,32,987**

ക്ഷേമനിധി സ്ഥാപനങ്ങൾ

25 [1344] *ശ്രീ. സ്റ്റീഫൻ ജോർജ്:*
„ *ജോസഫ് എം. പുതുശ്ശേരി:*
„ *തോമസ് ഉണ്ണിയാടൻ:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ക്ഷേമനിധി സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നതെന്നും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്ഷേമനിധികളുടെ ഗുണഭോക്താക്കൾക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങളുടെ നിരക്ക് കാലാനുസൃതമായി പരിഷ്ക്കരിച്ചു നടപ്പിലാക്കുവാനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന തൊഴിലാളി ക്ഷേമനിധി സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്
4. കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്
5. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്
6. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
7. കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ്
8. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
9. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്
10. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്
11. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്
12. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

ഓരോ ക്ഷേമനിധിബോർഡിലും നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച വിശദവിവരം ശേഖരിച്ചുവരുന്നു.

(ബി) ആവശ്യമായ ഘട്ടങ്ങളിൽ നിരക്കുകൾ പരിഷ്ക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അതാത് ബോർഡുകൾക്ക് പരിഗണിക്കാവുന്നതും നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതുമാണ്.

ഇടുക്കി ജില്ലയിൽ തൊഴിൽ വകുപ്പിന്റെ വികസന പദ്ധതികൾ

26 [1345] *ശ്രീ. ഇ. എം. അഗസ്തി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പ് ഇടുക്കി ജില്ലയിൽ എന്തെല്ലാം വികസന പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കിയതെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly